# ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ നടപടിക്രമം

*(പബ്ലിക് ഓഫീസ് കോമ്പൗണ്ട്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-33)*
*(ഹാജർ. എൻ. പത്മകുമാർ, .ഐ.എ.എസ്.)*

എൽ.ആർ.എൻ2/3493/2015 തീയതി. 03-11-2016

വിഷയം- ജിവനക്കാര്യം-ലാൻഡ് റവന്യൂ വകുപ്പ് കേരള ലാൻഡ് റവന്യൂ സബോർഡിനേറ്റ് സർവ്വീസ് (ടൈപ്പിസ്റ്റ് മുതൽ ഫെയർ കോപ്പി സൂപ്രണ്ട് വരെ) സ്പെഷ്യൽ റൂൾസ് 2006 - പത്താം ശമ്പള പരിഷ്ക്കരണ ഉത്തരവ് - ടൈപ്പിസ്റ്റ് തസ്തികയിലെ അനുപാതം ക്രമീകരിക്കുന്നത് - യു.ഡി. തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം / സ്ഥലംമാറ്റം - ഉത്തരവ് - സംബന്ധിച്ച്.

സൂചന-
1) 17/03/2006 ലെ ജി.ഒ(പി)77/2006/റവ നമ്പർ സർക്കാർ ഉത്തരവ്
2) 20-01-2016 ലെ ജി.ഒ.(പി) 7/2016/ധന. നമ്പർ സർക്കാർ ഉത്തരവ്.
3) ഈ കാര്യാലയത്തിലെ 28-08-2014 ലെ എൽ.ആർ.റ്റി6/43005/2012 നമ്പർ സീനിയോറിറ്റി ലിസ്റ്റ്.
4) ഈ കാര്യാലയത്തിലെ 05-04-2016 ലെ എൽ.ആർ. റ്റി5-43005/2014 നമ്പർ സീനിയോറിറ്റി ലിസ്റ്റ്
5) 01-09-2016 തീയതിയിലെ എൽ.ആർ. എൻ2- 3493/15 നമ്പർ നടപടിക്രമം.
6) 18-05-2015, 10-07-2015, 09-12-2015, 01-09-2016 എന്നീ തീയതികളിലെ എൽ.ആർ. എൻ2- 3493/15 നമ്പർ നടപടിക്രമം.

സൂചന (2) പത്താം ശമ്പള പരിഷ്കരണ ഉത്തരവിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തിക പുന:സ്ഥാപിച്ചും, ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്, യു.ഡി.ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികകളിൽ **1:1:1:1** അനുപാതം 01/04/2016 തിയതി മുതൽ പ്രാബല്യത്തിൽ വരുത്തുന്നതിനും, യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെ എണ്ണം വകുപ്പിൽ ഒട്ടാകെ 197 ആയി നിജപ്പെടുത്തിയിട്ടുണ്ട്. ടി എണ്ണം നിലവിൽ വരുത്തുന്നതിന് സൂചന (5) പ്രകാരം സ്ഥാനക്കയറ്റം നൽകിയിട്ടുള്ളവർക്കു പുറമേ അർഹരായ നാല് സീനിയർ എൽ.ഡി. ടൈപ്പിസ്റ്റുമാരെ കൂടി കെ.എസ്. & എസ്.എസ്.ആർ. ചട്ടം 31 (എ) 1 പ്രകാരം യു.ഡി ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് താല്ക്കാലിക സ്ഥാനക്കയറ്റം നൽകി, അവരുടെ പേരിനൊപ്പം ചേർത്തിരിക്കുന്ന ജില്ലകളിൽ നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | ഉദ്യോഗസ്ഥന്റെ പേര് | റാങ്ക് നമ്പർ | ഇപ്പോൾ ജോലി ചെയ്യുന്ന ജില്ല | സ്ഥാനക്കയറ്റം നൽകി നിയമിച്ച ജില്ല | റിമാർക്സ് |
|---|---|---|---|---|---|
| 1 | പൂർണ്ണിമ | 2189 എ | പാലക്കാട് | പാലക്കാട് | എൽ.ആർ. റ്റി5-41022/15 തീയതി 12-01-2016 |
| 2 | മാലിനി. വി. എസ്. | 51 | തൃശ്ശൂർ | തൃശ്ശൂർ | എൽ.ആർ. റ്റി5-38195/14 തീയതി 05-04-2016 |
| 3 | ബാലസുബ്രഹ്മണ്യൻ. പി. | 52 | മലപ്പുറം | തൃശ്ശൂർ | „ |
| 4 | പ്രദീഷ്. പി. | 53 | വയനാട് | കണ്ണൂർ | „ |

ടി സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്ക് സൂചന (2) ശമ്പള കമ്മീഷൻ ഉത്തരവിൽ ശുപാർശ ചെയ്തിട്ടുള്ള 01-04-2016 മുതലുള്ള പ്രാബല്യത്തീയതി ബാധകമായിരിക്കുന്നതും ശമ്പളം നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

സൂചന (5), (6) പ്രകാരം യു.ഡി. ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം അനുവദിച്ച് മറ്റ് ജില്ലകളിൽ നിയമിച്ചിട്ടുള്ള ചുവടെ പറയുന്ന യു.ഡി. ടൈപ്പിസ്റ്റുമാരെ അവരുടെ പേരിന് നേരെ കാണിച്ചിരിക്കുന്ന ജില്ലകളിൽ സ്ഥലം മാറ്റി നിയമിച്ചും ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | ഉദ്യോഗസ്ഥന്റെ പേര് | റാങ്ക നം. | ഇപ്പോൾ ജോലി ചെയ്യുന്ന ജില്ല | സ്ഥലംമാറ്റം അനുവദിച്ച ജില്ല | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഗീത. ബി | 2101 | വയനാട് | കോഴിക്കോട് | എൽ.ആർ. റ്റി 6-43005/12 തീയതി 28-08-14 അപേക്ഷ പ്രകാരം |
| 2 | അഹമ്മദ് നിസ്സാർ. ആർ.പി | 2179 | തൃശ്ശൂർ | പാലക്കാട് | " അപേക്ഷ പ്രകാരം |
| 3 | പ്രമോദ്. എൽ. | 2194 | പാലക്കാട് | തൃശ്ശൂർ | " അപേക്ഷ പ്രകാരം |
| 4 | സജീവ്. റ്റി. ജി. | 1 | ഇടുക്കി | പത്തനംതിട്ട | എൽ.ആർ. റ്റി 5-38155 /14 തീയതി 05-04-2016 |
| 5 | അജിഷ. കെ.വി. | 33 | കോഴിക്കോട് | ഇടുക്കി. | എൽ.ആർ. റ്റി 5-38155 /14 തീയതി 05-04-2016 (അപേക്ഷ പ്രകാരം) |
| 6 | ജ്യോത്സന. ജെ | 41 | ഇടുക്കി | പത്തനംതിട്ട | എൽ.ആർ. റ്റി 5-38155 /14 തീയതി 05-04-2016 |
| 7 | സിമി. സി. ഇ. | 48 | ഇടുക്കി | തൃശ്ശൂർ. | " |
| 8 | ദിവ്യ മോൾ. സി.എം. | 50 | ഇടുക്കി | തൃശ്ശൂർ. | " |

ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ/ഓഫീസ് മേധാവികൾ സ്ഥാനക്കയറ്റം/സ്ഥലംമാറ്റം ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥരെ ഉടൻ വിടുതൽ ചെയ്തും അനുയോജ്യമായ നിയമനം നൽകിയും, സൂചന (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശമ്പള നിർണ്ണയം നടപ്പിലാക്കിയും സേവനപുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയും വിവരം യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

അപേക്ഷപ്രകാരം സ്ഥലംമാറ്റം ലഭിച്ചവർക്ക്, ജോയിനിംഗ് ടൈം, യാത്രാബത്ത എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

(ഒപ്പ്)

**ജോയിന്റ് കമ്മീഷണർ**

ബന്ധപ്പെട്ട വ്യക്തികൾക്ക്
(ജില്ലാ കളക്ടർ മുഖേന)

പകർപ്പ് :

1) എല്ലാ ജില്ലാ കളക്ടർമാർക്കും
2) ലാൻഡ് റവന്യൂ കമ്മീഷണറുടെ/ജോയിന്റ് കമ്മീഷണറുടെ സി. എ
3) സീനിയോരിറ്റി സെൽ
4) ഐ.ടി. സെൽ
5) കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സൂപ്രണ്ട്